**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5835.** 03.11.2016 ന് മറുപടിയ്ക്ക്

**ആദിവാസി കോളനികളിലും ഊരുകളിലും വ്യാജമദ്യത്തിന്റെയും മയക്കമരുന്നിന്റെയും ഉപഭോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി. ദിവാകരൻ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആദിവാസി കോളനികളിലും ഊരുകളിലും വ്യാജ മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ഉപഭോഗം വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തെ ആദിവാസി കോളനികളിലെയും ഊരുകളിലെയും മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും ഉപയോഗം നിയന്ത്രിക്കുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ പരിശോധനകളും തുടർച്ചയായ റെയ്ഡുകളും നടത്തി വരുന്നുണ്ട്.<br>ഇത്തരം മേഖലകൾ കേന്ദ്രീകരിച്ച് വ്യാജമദ്യത്തിന്റെയും കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കളുടെയും ഉത്പാദനം, വിപണനം തുടങ്ങിയവ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും, ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും കർശ്ശനമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ആദിവാസികൾക്ക് മദ്യവും മയക്കുമരുന്നുകളും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവരെ പ്രത്യേകം നിരീക്ഷണ വിധേയമാക്കുകയും കർശന നടപടികൾ സ്വീകരിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്യുന്നുണ്ട്. പോലീസ്, ഫോറസ്റ്റ്, എക്സൈസ് വിഭാഗങ്ങളുമായി ചേർന്ന് സംയുക്ത റെയ്ഡുകളും നടത്തി വരുന്നു. അട്ടപ്പാടിയിലും മാനന്തവാടിയിലും "ജനമൈത്രി എക്സൈസ്" രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്.<br><br>മദ്യത്തിന്റെയും മയക്കു മരുന്നുകളുടെയും പുകയില ഉൽപ്പന്നങ്ങളുടെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് അവബോധം ഉണ്ടാക്കുന്നതിന് ആദിവാസി കോളനികളും ഊരുകളും കേന്ദ്രീകരിച്ച് എക്സൈസ് വകുപ്പ് പ്രത്യക ബോധവത്കരണ പ്രവർത്തനങ്ങളും സംഘടിപ്പിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**